# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz P.O., Ernakulam District,**
**Kerala state, Pin - 682 308,**
**Phone : 0484 - 2730150, 80781 57150**
**General Secretary : 9446138868 (Personal)**


**Circular No.: M/C/07/ 2023**

**01-10-2023**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

### 2023 ലെ വാർഷിക പരീക്ഷയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| തീയതി | സമയം | ക്ലാസ്സ് | പാഠഭാഗങ്ങൾ |
|---|---|---|---|
| 26-11-23 | 1 pm to 3.30 pm | 1,2,3,4,5,6,7,8,9,XI | മുഴുവൻ പാഠഭാഗങ്ങൾ |
| 03-12-23 | 1 pm to 3.30 pm | X, XII | മുഴുവൻ പാഠഭാഗങ്ങൾ |

**പ്രധാന നിർദ്ദേശങ്ങൾ:-**

ഒന്നാം ക്ലാസ്സു മുതൽ നാലാം ക്ലാസ്സ് വരെ പുതിയ പാഠപുസ്തകങ്ങൾ ക്രമീകരിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**1,2,3,** എന്നീ ക്ലാസ്സുകളിൽ **45** മാർക്കിന്റെ ചോദ്യം ചോദ്യപേപ്പറിൽ ഉണ്ടായിരിക്കുന്നതും അതിൽ പാഠഭാഗങ്ങളിലെ കളറിംഗ്, ലഘുപ്രസംഗം തുടങ്ങിയവ ഉണ്ടാകാവുന്നതുമാണ്. **5** മാർക്ക് ഓരോ വിദ്യാർത്ഥിയുടേയും പാഠപുസ്തകത്തിലെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ (അതായതു കളറിംഗ്, പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന മറ്റ് പ്രവർത്തനങ്ങളായ പ്രസംഗം, കഥ പറയൽ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും) അടിസ്ഥാനമാക്കി അതാതു ക്ലാസ്സ് അദ്ധ്യാപകൻ നൽകേണ്ടതും ആയത് ഹെഡ്മാസ്റ്ററോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റൊരു അദ്ധ്യാപകനോ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ഈ കാര്യം നവംബർ മാസം 15-ാം തീയതിക്ക് മുമ്പായി പൂർത്തിയാക്കേണ്ടതാണ്. കുട്ടിക്കു മാർക്ക് നൽകുമ്പോൾ മൊത്തം മാർക്ക് **(45+5)50** ൽ കിട്ടിയ മാർക്കാണ് നൽകേണ്ടത്.

**4-ാം** ക്ലാസ്സിൽ ചോദ്യപേപ്പറിൽ **45** മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടാകുന്നതും 5 മാർക്ക് സഭാചരിത്രത്തിലെ പ്രൊജക്റ്റ് ചെയ്യാനുള്ളത് കൃത്യമായി വിലയിരുത്തി 5 മാർക്കോ അതിനർഹതയുള്ളതോ നൽകി **45+5=50** എന്ന വിധത്തിൽ മാർക്ക് നൽകേണ്ടതാണ്. പ്രൊജക്റ്റ് നവംബർ 15 ന് മുൻപ് വിലയിരുത്തേണ്ടതാണ്.

**V to X ക്ലാസ്സുകളിൽ 2019 - ചോദ്യപേപ്പർ മോഡലിലായിരിക്കും ഈ വർഷത്തെ പരീക്ഷ. മോഡൽ ചുവടെ ചേർക്കുന്നു.**

1-10 ബ്രാക്കറ്റിൽ നിന്നും ശരി ഉത്തരം എഴുതുക -10 മാർക്ക്, 11-20 പേരെഴുതുക -10 മാർക്ക്, 21-30 ശരിയോ തെറ്റോ എഴുതുക - 10 മാർക്ക്, 31-40 പൂരിപ്പിക്കുക - 10 മാർക്ക്, 41-48 ചേരുംപടി ചേർക്കുക - 8 മാർക്ക്, 49-52 അർത്ഥം എഴുതുക - 4 മാർക്ക്, 53,54 സുറിയാനി പദം എഴുതുക - 4 മാർക്ക്, 55-57 ആര് ആരോട് പറഞ്ഞു - 6 മാർക്ക്, 58,59 വാക്യം എഴുതുക - 6 മാർക്ക്, 60-62 ഖണ്ഡിക എഴുതുക - 8 മാർക്ക്, 63. ഗീതം - 6 മാർക്ക്, 64. പ്രാർത്ഥന - 8 മാർക്ക്, 65. ഉപന്യാസം എഴുതുക 10 മാർക്ക്.

+1, +2, ക്ലാസ്സുകളിലെ പരീക്ഷയും 2019 ലേതുപോലെ തന്നെ ആയിരിക്കുമെങ്കിലും, രണ്ടാമത്തെ ഉപന്യാസത്തി (12 മാർക്ക്) നു പകരമായി നിലവിലുള്ള ഖണ്ഡികയിൽ ഉത്തരം എഴുതുക എന്നതിൽ ഒരു ചോദ്യവും (5 മാർക്ക് വീതം ഇതിൽ 6 ചോദ്യങ്ങളിൽ 4 എണ്ണം എഴുതുക.) പുതുതായി ചേരുംപടി ചേർക്കുക എന്നതിന് ഒരു മാർക്കു വീതം 7 എണ്ണവും ഉൾപ്പെടുത്തുന്നതാണ്.

10-ാം ക്ലാസ്സിലെ പ്രാർത്ഥന, ഗീതങ്ങൾ, എന്നിവ VIII, IX ക്ലാസ്സുകളിൽ നിന്നുള്ളതായിരിക്കും. പ്ലസ് വണ്ണിന് പ്രഭാത പ്രാർത്ഥനയിൽ നിന്നുള്ള പ്രാർത്ഥനയും സ്ലീബാ നമസ്കാരത്തിൽ നിന്നുള്ള ഗീതവും പ്ലസ് ടുവിന് പാതിരാത്രിയുടെ പ്രാർത്ഥനയിൽ നിന്നുള്ള പ്രാർത്ഥനയും ക്യംതാ നമസ്കാരത്തിൽ നിന്നുള്ള ഗീതവുമായിരിക്കും ചോദ്യങ്ങൾ.

### ചോദ്യക്കടലാസ്, ഹാൾടിക്കറ്റ് വിതരണം

*സ്ഥലം : എം.ജെ.എസ്.എസ്.എ. കേന്ദ്രഓഫീസ്, പുത്തൻകുരിശ്*
*തീയതി : 2023 നവംബർ 11-ാം തീയതി ശനിയാഴ്ച 10 മണി മുതൽ 3 മണി വരെ.*

1. സൺഡേസ്കൂളുകളിൽ നിന്നും, ഡിസ്ട്രിക്ടുകളിൽ നിന്നും അസ്സോസിയേഷനിലേക്കുള്ള വിഹിതങ്ങൾ കൊടുത്ത് തീർത്തിരിക്കണം. സെപ്റ്റംബർ 30നു ശേഷം രജിസ്ട്രേഷൻ ചെയ്തിട്ടുള്ള സൺഡേസ്കൂളുകൾ 21.08.23 ലെ സർക്കുലർ നമ്പർ 5/23 ൽ പറയും പ്രകാരം ലേറ്റ്ഫീ അടയ്ക്കേണ്ടതാണ്. അപൂർണ്ണമായ പ്രൊഫോർമ അനുസരിച്ച് തയ്യാറാക്കുന്ന സർട്ടിഫിക്കറ്റ് തിരുത്തേണ്ടി വന്നാൽ വീണ്ടും ഫീസടക്കേണ്ടിവരുമെന്നും ഓർമ്മപ്പെടുത്തുന്നു.

2. ഇൻസ്പെക്ടറോ, രേഖാമൂലം ചുമതലപ്പെടുത്തപ്പെട്ട ഡിസ്ട്രിക്ട് ഭാരവാഹിയോ (ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ) ചോദ്യക്കടലാസുകളും, ഹാൾടിക്കറ്റും മേൽകാണിച്ചിട്ടുള്ള തീയതികളിൽ ഏറ്റുവാങ്ങി, ഇൻസ്പെക്ടറുടെ ഉത്തരവാദിത്വത്തിൽ സൺഡേസ്കൂളുകൾക്ക് വിതരണം ചെയ്യേണ്ടതാണ്.

3. ഇൻസ്പെക്ടർമാർ മുൻകൂട്ടി അറിയിക്കുന്ന സമയത്തും സ്ഥലത്തും ഹെഡ്മാസ്റ്റർമാർ ചെന്ന് ചോദ്യക്കടലാസ് പാക്കറ്റുകൾ ഏറ്റുവാങ്ങണം.

4. എല്ലാ സൺഡേസ്കൂളുകളിലേക്കും സൂപ്പർവൈസർമാരെ ഇൻസ്പെക്ടർ നിയമിക്കുകയും പേരു വിവരം ഡയറക്ടറെ അറിയിക്കുകയും ചെയ്യേണ്ടതാണ്. സൂപ്പർവൈസർമാർ XI-ാം ക്ലാസ്സിലെ കുട്ടികളുടെ ഹാൾടിക്കറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ട ശേഷം ലിസ്റ്റിൽ കുട്ടികളെ കൊണ്ട് ഒപ്പ് ഇടുവിക്കേണ്ടതാണ്. സൂപ്പർവൈസറും ലിസ്റ്റിൽ ഒപ്പിടേണ്ടതാണ്.

5. അസ്സോസിയേഷനിൽ നിന്ന് വിതരണം ചെയ്യുന്ന ഹാൾടിക്കറ്റ് കൈവശം ഇല്ലാത്ത ഒരു കുട്ടിയേ യും 10,11,12 ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് ഇരുത്തുകയോ, പകരം കുട്ടികളെ ഇരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ഇതിന് വിരുദ്ധമായി ആരെങ്കിലും പരീക്ഷ എഴുതിയാൽ ആ പേപ്പറുകൾ മൂല്യനിർണ്ണയം നടത്തുന്നതല്ല.

പരീക്ഷ സംബന്ധിച്ച് എല്ലാ കാര്യങ്ങളും മാനുവൽ അനുസരിച്ചും, സർക്കുലർ അനുസരിച്ചും മാത്രമെ നടത്തുവാൻ പാടുള്ളു എന്നു ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു.

**ഇംഗ്ലീഷ് ചോദ്യപേപ്പർ** : 1 മുതൽ 12 വരെ ക്ലാസ്സുകളിലെ ഇംഗ്ലീഷ് ചോദ്യക്കടലാസുകൾ ആവശ്യപ്പെട്ടിട്ടുള്ളവർക്ക് ചോദ്യക്കട ലാസ് പാക്കറ്റിൽത്തന്നെ ലഭിക്കുന്നതാണ്. ഒക്ടോബർ 30 നു മുമ്പ് രേഖാമൂലം അറിയിക്കുന്നവർക്ക് മാത്രമെ ലഭിക്കുകയുള്ളു.

**പരീക്ഷാകേന്ദ്രങ്ങളും ചുമതലകളും :**

1. 1 മുതൽ 9 വരെ ക്ലാസ്സുകളിലെയും XI -ലേയും പരീക്ഷകൾ ഹെഡ്മാസ്റ്ററുടെ ചുമതലയിൽ നടത്തപ്പെടേണ്ടതാണ്.

2. 10,12 ക്ലാസ്സുകളിലെ പരീക്ഷകൾ ഡിസ്ട്രിക്ടിലെ ഒരു നിശ്ചിത കേന്ദ്രത്തിൽ വച്ച് ഇൻസ്പെ ക്ടറുടെ മേൽനോട്ടത്തിൽ നടത്തപ്പെടണം. ഇൻസ്പെക്ടർ ചീഫ് സൂപ്രണ്ടു കൂടി ആയിരിക്കുന്നതാണ്. പരീക്ഷ നടക്കുന്ന ഓരോ കേന്ദ്രത്തിലേക്കും അഡീഷണൽ ചീഫ് സൂപ്രണ്ടിനെ ജനറൽ സെക്രട്ടറി നിയോഗിക്കുന്നതാണ്.

3. പരീക്ഷ അവസാനിക്കുന്ന മുറയ്ക്ക് മാത്രമെ വിതരണത്തിന് ശേഷമുള്ള ചോദ്യപേപ്പറുകൾ പരീക്ഷാ ഹാളിന് വെളി യിൽ കൊണ്ടുപോകാവു.

4. 10, 12 ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് അഡീഷണൽ ഷീറ്റായി നിർബ്ബന്ധമായും വരയിടാത്ത A4 size പേപ്പർ മാത്രമെ ഉപയോ ഗിക്കാവു. അഡീഷണൽ ഷീറ്റിൽ എം.ജെ.എസ്.എസ്.എ. യുടെ emblem ഉള്ള സീൽ ഉണ്ടായിരിക്കേണ്ടതും, സീൽ എല്ലാ കേന്ദ്രങ്ങളി ലേയ്ക്കും ചോദ്യപേപ്പറിനോടൊപ്പം നൽകുന്നതുമാണ്. ഉപയോഗം കഴിഞ്ഞ സീലും ബാക്കിവന്ന സീൽ ചെയ്ത പേപ്പറുകളും ഫേസിംങ്ങ് ഷീറ്റും പ്രത്യേകം കവറിലിട്ട് ഉത്തരക്കടലാസ് പാക്കറ്റിനോടൊപ്പം തിരികെ എം.ജെ.എസ്.എസ്.എ. യിൽ ഏൽപ്പിക്കേ ണ്ടതുമാണ്.

5. ഓരോ ഭദ്രാസനത്തിൽ നിന്നും (സോണിൽ നിന്നും) അഡീഷണൽ ചീഫ് സൂപ്രണ്ടുമാരായി പോകുവാൻ യോഗ്യരായ ഭാരവാഹികളുടെ പേരും ഫോൺ നമ്പരും ഡയറക്ടർമാർ ഒക്ടോബർ 15 നകം ജനറൽ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേ ണ്ടതാണ്.

**വാർഷിക പിരിവ്** : വർഷാരംഭസ്റ്റേറ്റുമെന്റ് അനുസരിച്ച് 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടി ഒന്നിന് 5.00 രൂപാ ക്രമത്തിൽ ഹെഡ്മാസ്റ്റർമാർ വാർഷികപിരിവ് ഇൻസ്പെക്ടറെ ഏൽപ്പിച്ചിട്ടുണ്ടല്ലോ. ഇൻസ്പെക്ടർമാർ കുട്ടി ഒന്നിന് 1.00 രൂപ വീതം ഡിസ്ട്രിക്ട് വിഹിതമായി കണക്കിൽ വരവ് വച്ച് എടുക്കേണ്ടതും ബാക്കി തുക 15-10-22 ന് മുമ്പ് കേന്ദ്രഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്. 10,12 ക്ലാസ്സുകളിലെ പരീക്ഷാപേപ്പറുകൾ പരീക്ഷ കഴിഞ്ഞാൽ പിറ്റേദിവസം തന്നെ കേന്ദ്ര ഓഫീസിൽ എത്തിക്കുകയോ, തപാൽ/കൊറിയർ വഴി അയക്കുകയോ ചെയ്യുവാൻ ഇൻസ്പെക്ടർമാർ പ്രത്യേകം ശ്രദ്ധിക്കണം. ആയതിന് ആലംഭാവം അരുത്.

### മത്സരപരീക്ഷ

1. 5 മുതൽ 9, വരെയും 11-ാം ക്ലാസ്സിലെയും കുട്ടികളുടെ ഉത്തരകടലാസ്സുകൾ ഡിസ്ട്രിക്ട് തലത്തിൽ കേന്ദ്രീകൃത മൂല്യ നിർണ്ണയം നടത്തി **ഒന്നും രണ്ടും** സ്ഥാനം ലഭിച്ചവരുടെ മാത്രം ഉത്തരകടലാസുകൾ 2023 ഡിസംബർ 20 നകം ഭദ്രാസന ഡയ റക്ടർക്ക് ലിസ്റ്റ് സഹിതം അയച്ചു കൊടുക്കേണ്ടതാണ്.

2. ഭദ്രാസന ഡയറക്ടർമാർ ഭദ്രാസനത്തിൽ മൂല്യനിർണ്ണയം നടത്തി അതിൽ **ഒന്നും രണ്ടും** സ്ഥാനം ലഭിച്ചവരുടെ മാത്രം ഉത്തരക്കടലാസുകൾ ലിസ്റ്റു സഹിതം 2024 ജനുവരി 10 നകം കേന്ദ്രഓഫീസിൽ എത്തിക്കുകയോ ജനറൽ സെക്രട്ടറിയുടെ പേർക്ക് രജിസ്റ്റേർഡ് തപാൽ ആയി അയച്ചു തരികയോ ചെയ്യണം. വൈകി എത്തുന്ന ഉത്തരക്കടലാസുകൾ പരിഗണിക്കുന്നതല്ല.

### XI, XII വാർഷിക പരീക്ഷ

പത്താം ക്ലാസ്സിന്റെ തുടർച്ചയായി 11-ാം ക്ലാസ്സിലും തുടർന്ന് 12-ാം ക്ലാസ്സിലും ചേരുന്നവരെ മാത്രമെ 12-ാം ക്ലാസ്സിന്റെ റാങ്കിനായി പരിഗണിക്കുകയുള്ളു. 11-ാം ക്ലാസ്സ് പാസ്സായവർ മാത്രമെ 12-ാം ക്ലാസ്സിലെ പരീക്ഷ എഴുതുവാൻ പാടുള്ളു.

### റീവാല്യുവേഷൻ

10,12 ക്ലാസ്സുകളിലെ പരീക്ഷാ പേപ്പർ റീവാല്യു ചെയ്യുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ വഴി വിശദ വിവരങ്ങൾ സഹിതം 100 രൂപാ ഫീസ് അടച്ച് ജനറൽ സെക്രട്ടറിക്ക് **2024 ഫെബ്രുവരി 25-ാം** തീയതിക്കകം ലഭിച്ചിരിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും കൃത്യമായും ചിട്ടയായും ആത്മാർത്ഥതയോടെ നിർവ്വഹിക്കണമെന്ന് ഓർമ്മ പ്പെടുത്തുന്നു.

### ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് / തിരുത്തലുകൾ

ജെ.എസ്.എസ്.എൽ.സി., +2 സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിന് ബന്ധപ്പെട്ട വിദ്യാർത്ഥിയുടെ വിശദ വിവരങ്ങൾ അടങ്ങിയ അപേക്ഷ ഹെഡ്മാസ്റ്ററുടെ ഒപ്പും ഡി. ഇൻസ്പെക്ടറുടെ ശുപാർശയും ആവശ്യമായ രേഖകൾ സഹിതം (ഉദാ. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് കോപ്പി) 100 രൂപ ഫീസ് അടച്ച് കേന്ദ്ര ഓഫീസിൽ നൽകേണ്ടതാണ്. എം.ജെ.എസ്.എ സ്.എ.യിലെ തകരാറുകൊണ്ട് സർട്ടിഫിക്കറ്റിൽ തെറ്റുകൾ വന്നിട്ടുണ്ട് എങ്കിൽ ഫീസ് നൽകേണ്ടതില്ല.

കർത്താവിൽ എളിയ ശുശ്രൂഷകർ


**പി. വി. ഏലിയാസ്**
**ജനറൽ സെക്രട്ടറി**
**9446138868, 9526870749**

**ടി. കെ. പീറ്റർ**
**പരീക്ഷാ കൺട്രോളർ**
**9446094369**